# EWS സംവരണം – കേന്ദ്ര സർക്കാർ മാനദണ്ഡവുമായി ബന്ധപ്പെട്ട പതിവ് ചോദ്യങ്ങൾക്കുള്ള വിശദീകരണം

2019 ലെ 103–ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തിക പിന്നാക്കക്കാർക്ക് സർക്കാർ ഉദ്യോഗങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10 ശതമാനം സംവരണം അനുഭവവേദ്യമാകുന്നതിനായി ഭരണഘടനയുടെ 15–ഉം 16–ഉം അനുഛേദങ്ങളിൽ 15(6)(a),(b),(c), 16(6) എന്നീ വകുപ്പുകൾ കൂട്ടിച്ചേർക്കുകയുണ്ടായി. തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രസ്തുത ഭരണഘടനാ ഭേദഗതിയെ പ്രാവർത്തികമാക്കുവാൻ നിരവധി ഉത്തരവുകളും സർക്കുലറുകളും, മറ്റു മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായെങ്കിലും, EWS സംവരണം നടപ്പാക്കുന്നത് സംബന്ധിച്ചും EWS സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചും നിരവധി പരാതികളും സംശയങ്ങളും ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ EWS സംവരണം സംബന്ധിച്ച് ഉയർന്നുവന്ന/ഉയർന്നുവരാൻ സാദ്ധ്യതയുള്ള സംഗതികളിൽ കേന്ദ്രസർക്കാർ ചോദ്യോത്തര രൂപേണ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആംഗലേയത്തിൽ പ്രസിദ്ധീകരിച്ച പ്രസ്തുത പതിവ് ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും മലയാള പരിഭാഷ ചുവടെ ചേർക്കുന്നു.

## A. ആസ്തി/ഭൂമി സംബന്ധിച്ച വിഷയങ്ങൾ.

**Q–1. ഒന്നിലധികം മക്കളുള്ള ഗൃഹനാഥന്റെ/രക്ഷിതാവിന്റെ കൈവശം, നിശ്ചയിച്ച പരിധിയിലധികം ഭൂസ്വത്ത് ഉണ്ടായിരിക്കുകയും എന്നാൽ പ്രസ്തുത വസ്തുവകകൾ മക്കൾക്ക് ഭാഗിച്ച് നൽകുകയും ചെയ്യാത്ത സാഹചര്യത്തിൽ ആ ഗൃഹനാഥന്റെ മകൻ/മകൾ EWS സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ അർഹനാണോ?**

**ഉത്തരം-** അർഹതയില്ല. കേന്ദ്ര സർക്കാരിന്റെ 31.01.2019 ലെ 36039/1/2019–Estt (reg) നമ്പർ ഓഫീസ് മെമ്മോറാണ്ടം ഖണ്ഡിക 4.2 പ്രകാരം ഒരു കുടുംബത്തിന്റെ ഭൂമി എന്നത് എല്ലാത്തരം ഭൂമികളും ഉൾക്കൊള്ളുന്നതും അത് വ്യത്യസ്ത പ്രദേശങ്ങളിലോ, സംസ്ഥാനങ്ങളിലോ ആണെങ്കിൽ പോലും, ആയത് എല്ലാം ചേർത്ത് ഒറ്റ യൂണിറ്റായി പരിഗണിക്കുന്നതാണ്. അപേക്ഷകന്റെ പിതാവ്, അപേക്ഷകന്റെ മാതാവ്, 18 വയസിന് താഴെ പ്രായമുള്ള സഹോദരങ്ങൾ, ജീവിതപങ്കാളി, 18 വയസ്സിൽ താഴെയുള്ളകുട്ടികൾ എന്നിവർ ആണ് കുടുംബം എന്ന സംജ്ഞയുടെ പരിധിയിൽ വരുന്നത്.

ആയതിനാൽ മേൽ വിഷയത്തിൽ വസ്തുവകകൾ ഭാഗിച്ചിട്ടില്ല എന്ന കാരണത്താൽ മാത്രം EWS പരിധിയിൽ വരുന്നതിന് അർഹതയുണ്ടാകില്ല.

**Q-2. ഒരു കുടുംബത്തിന്റെ കൃഷിഭൂമി/റസിഡൻഷ്യൽപ്ലോട്ട് എന്നിവ വ്യത്യസ്ത ജില്ലയിലോ സംസ്ഥാനത്തോ ആണെങ്കിൽ അവയെല്ലാം EWS സംവരണത്തിനായി പരിഗണിക്കേണ്ടതുണ്ടോ?**

**ഉത്തരം-** ഉണ്ട്. ആയതിന്റെ വിശദീകരണം മുൻ ചോദ്യത്തിനൊപ്പം (Q-1) നൽകിയിട്ടുണ്ട്.

**Q-3. 31.01.2019 ലെ 36039/1/2019 Estt (Reg-II) നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ, റസിഡൻഷ്യൽ പ്ളോട്ടിന്റെ നിർവചനത്തിൽ നിന്നും വാണിജ്യ സംബന്ധിയായ ഭൂമിയെ/ആസ്തിയെ (കൊമേഴ്സ്യൽ പ്റോപ്പർട്ടി)ഒഴിവാക്കിയിട്ടുണ്ടോ?**

**ഉത്തരം-** EWS സംവരണം ഒരാളുടെ ആസ്തി വരുമാനവുമായി ബന്ധപ്പെട്ടുകിടക്കുന്നതാകയാൽ വാണിജ്യ സംബന്ധിയായ ഭൂമിയെ/ആസ്തിയെ ഒഴിവാക്കുന്നത് നീതിരാഹിത്യമാണ്. ആയതിനാൽ എല്ലാ ഭൂമിയും ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ, 12.02.2020 തീയതിയിലെ സ.ഉ.(കൈ)2/2020/ഉ.പ.ഭ.വ. ഖണ്ഡിക(8) പ്രകാരവും ആയതു സ്പഷ്ടീകരിച്ചിരിക്കുന്നു.

**Q-4. പിതാമഹന്മാരുടെയോ പൂർവ്വപിതാമഹന്മാരുടെയോ പേരിലുള്ള ഭാഗിക്കപ്പെടാത്ത ഭൂമി EWS സംവരണവുമായി ബന്ധപ്പെട്ട് കണക്കിലെടുക്കേണ്ടതുണ്ടോ?**

**ഉത്തരം-** ഇല്ല. മേൽ പരാമർശിത ഓഫീസ് മെമ്മോറാണ്ടം ഖണ്ഡിക4(3) പ്രകാരവും 03.03.2020 ലെ സ.ഉ.(സാധാ)നം.5/2020/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ് പ്രകാരവും പിതാമഹന്മാരെ അപേക്ഷകന്റെ കുടുംബത്തിന്റെ ഭാഗമായി കണക്കാക്കുന്നില്ല.

**Q-5 ആകെയുള്ള 180 ചതുരശ്ര യാർഡ് ഹൗസ് പ്ളോട്ടിൽ 90 ചതുരശ്ര യാർഡ് മുൻസിപ്പൽ പ്രദേശത്തും, 90 ചതുരശ്ര യാർഡ് ഗ്രാമ പ്രദേശത്തും സ്ഥിതി ചെയ്യുന്ന പക്ഷം പ്രസ്തുത ഭൂമിയുടെ സ്ഥിതി ചെയ്യുന്ന പ്രദേശവുമായി ബന്ധപ്പെട്ട തരംതിരിവ് കണക്കാക്കുന്നത് എങ്ങനെയാണ്?**

**ഉത്തരം-** കേന്ദ്രസർക്കാർ തീരുമാനപ്രകാരം (മേൽ പരാമർശിത ഓഫീസ് മെമ്മോറാണ്ടം ഖണ്ഡിക4.1) മുൻസിപ്പൽ പ്രദേശങ്ങളിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം 100 ചതുരശ്ര യാർഡിൽ കൂടാനോ ഗ്രാമപ്രദേശങ്ങളിലേത് 200 ചതുരശ്ര യാർഡിൽ കൂടാനോ പാടില്ല എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഈ രണ്ട് നിബന്ധനകളും മേൽ സാഹചര്യത്തിൽ അതിലംഘിക്കപ്പെടുന്നില്ല എന്നതിനാൽ വ്യക്തി EWS സംവരണത്തിന് അർഹനാണ്.

(സംസ്ഥാന സർക്കാർ, 12.02.2020 ലെ സ.ഉ.(കൈ)2/2020/ഉ.ഭ.പ.വ. ഉത്തരവ് ഖണ്ഡിക 4(4), 4(5), 4(6), എന്നിവ വഴി സംസ്ഥാനത്തെ വിദ്യാഭ്യാസ/തൊഴിൽ സംബന്ധിയായി EWS സംവരണം ലഭിക്കുവാനുള്ള ഭൂമി സംബന്ധിയായ മാനദണ്ഡങ്ങൾ നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്.)

**Q-6 കൃഷി ചെയ്യാത്ത/തരിശുഭൂമിയിലാണ് റസിഡൻഷ്യൽ ഫ്ളാറ്റ്/പ്ളോട്ട് സ്ഥിതിചെയ്യുന്നത് എങ്കിൽ പ്രസ്തുത ഭൂമി ഹൗസ് പ്ലോട്ട് ആയാണോ കൃഷിഭൂമി ആയാണോ കണക്കാക്കുക?**

ഉത്തരം- (i)തരിശു ഭൂമിയിലുള്ളത് റസിഡൻഷ്യൽ ഫ്ലാറ്റ് ആണെങ്കിൽ പ്രസ്തുത വീടിന്റെ വിസ്തൃതി 1000 ച. അടി അധികരിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് പരിഗണിക്കേണ്ടത് (31.01.2019 ലെ കേന്ദ്ര സർക്കാർ ഓഫീസ് മെമ്മോറാണ്ടത്തിലെ ഖണ്ഡിക 4.1(ii))

റസിഡൻഷ്യൽ പ്ളോട്ട്/ആണെങ്കിൽ സ്ഥലത്തിന്റെ വിസ്തൃതി മുൻസിപ്പൽ പ്രദേശങ്ങളിൽ 100 ച. യാർഡ് ( 2.07 സെന്റ്) മറ്റ് പ്രദേശങ്ങളിൽ 200ച. യാർഡ് (4.13 സെന്റ്) അധികരിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് പരിഗണിക്കേണ്ടത്.

**Q-7 റസിഡൻഷ്യൽ പ്ലോട്ട് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. എങ്ങനെയാണ് അതിന്റെ വിസ്തൃതി കണക്കാക്കുന്നത്?**

**ഉത്തരം.** വീട് നിർമിക്കുന്നതിന് വേണ്ടിയുള്ള അല്ലെങ്കിൽ വീട് നിർമ്മിക്കുവാൻ ഉതകുന്ന തരം ഭൂമിയാണ് റസിഡൻഷ്യൽ പ്ലോട്ട് എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ സ്ഥലത്ത് വീട് നിർമ്മിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് പരിഗണനാ വിഷയമല്ല. ആയതിനാൽ അത്തരം ഭൂമിയുടെ മൊത്തം വിസ്തൃതിയെ ഹൗസ് പ്ളോട്ടിന്റെ വിസ്തൃതിയായി കണക്കാക്കണം. ഇപ്രകാരം റസിഡൻഷ്യൽ പ്ളോട്ടിന്റെ വിസ്തൃതി കണക്കാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും കൂടി പരിഗണിക്കണം.

**Q-8 റസിഡൻഷ്യൽ പ്ളോട്ടും റസിഡൻഷ്യൽ ഫ്ലാറ്റും തമ്മിലുള്ള വ്യത്യാസം എന്താണ്?**

**ഉത്തരം.** EWS സംവരണവുമായി ബന്ധപ്പെട്ട് റസിഡൻഷ്യൽ പ്ളോട്ട് റസിഡനഷ്യൽ ഫ്ലാറ്റ് എന്നിവ തമ്മിലുള്ള വ്യത്യാസം ചുവടേ ചേർക്കുന്നു.

ഫ്ളാറ്റ്- ഒരേ പ്ളോട്ടിൽ ഒന്നിലധികം താമസയോഗ്യമായ കെട്ടിടങ്ങൾ അല്ലെങ്കിൽ ഭവനങ്ങൾ ഉണ്ടെങ്കിൽ അത് റസിഡൻഷ്യൽ ഫ്ളാറ്റ്

പ്ളോട്ട്- ഒറ്റക്കുള്ള സ്വതന്ത്രമായ യൂണിറ്റിനെയാണ് പ്ളോട്ട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. റസിഡൻഷ്യൽ പ്ളോട്ടിന്റെ നിർവചനം ഏഴാം നമ്പർ ചോദ്യത്തിനുള്ള ഉത്തരത്തിൽ നൽകിയിട്ടുണ്ട്. റസിഡൻഷ്യൽ

ഫ്ളാറ്റിന് മാത്രമേ 31.01.19 ലെ കേന്ദ്ര സർക്കാർ ഓഫീസ് മെമ്മോറാണ്ടത്തിലെ ഖണ്ഡിക 4.1(ii) ബാധകമാകുന്നുള്ളൂ.

**Q-9 ഒരു വ്യക്തി കൃഷിഭൂമിയിൽ വീടുവച്ചാൽ പ്രസ്തുത സ്ഥലം റസിഡൻഷ്യൽ പ്ളോട്ടായാണോ കൃഷിഭൂമിയാണോ പരിഗണിക്കുക?**

**ഉത്തരം.** റസിഡൻഷ്യൽ ഫ്ളാറ്റ് ആണെങ്കിൽ അത് സ്ഥിതിചെയ്യുന്ന സ്ഥലവും Buit up area തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ചുള്ള covered Uncovered ഏര്യാ മാത്രമേ റസിഡൻഷ്യൽ ഏര്യയായി കണക്കാക്കേണ്ടതുള്ളൂ. റസിഡൻഷ്യൽ ഫ്ളാറ്റ്/പ്ളോട്ട് ന് പുറത്ത് കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന ഭൂമിയെ കാർഷിക ഭൂമീയായും കണക്കാക്കാം. ഈ വർഗീകരണം EWS സംവരണത്തിനു മാത്രം ബാധകമായിരിക്കുന്നതാണ്.

**Q-10 റസിഡൻഷ്യൽ ഫ്ലാറ്റിന്റെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ സ്റ്റെയർകേസ്, കാർപോർച്ച്, റോഡ് എന്നിവ അടക്കമുള്ള മൊത്തം വിസ്തീർണം, പ്ളിന്ത് ഏരിയ, കാർപ്പറ്റ് ഏരിയ എന്നിവയിൽ ഏതാണ് കണക്കാക്കുന്നത്?**

**ഉത്തരം.** സ്റ്റെയർ കേസ് ഏരിയ/കോമൺ ഏരിയ എന്നിവയെ ഒഴിവാക്കി ചുമര് തൂൺ ഉൾപ്പടെയുള്ള Buit up area മാത്രമാണ് EWS സംവരണത്തിനായി പരിഗണിക്കുക.

## B. <u>അപേക്ഷകരുടെ വിഭാഗം</u>

**Q-11** ഒരു സംസ്ഥാനത്ത് SC/ST/OBC സംവരണം ലഭ്യമായ സമുദായക്കാർ മറ്റൊരു സംസ്ഥാനത്തേക്ക് കുടിയേറി പാർക്കുമ്പോൾ പ്രസ്തുത സംസ്ഥാനത്ത് അവർക്ക് SC/ST/OBC സ്റ്റാറ്റസ് ഇല്ല എങ്കിൽ അവർ EWS സംവരണത്തിന് അർഹരാണോ?

**ഉത്തരം.** കേന്ദ്ര SC/ST/OBC ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾ ഏത് സംസ്ഥാനത്തേക്ക് കുടിയേറിപ്പാർത്താലും അവർ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട EWS സംവരണത്തിന് അർഹതയില്ലാത്തവരാകുന്നു.

**Q-12 ഒരു വ്യക്തി സംസ്ഥാനസർക്കാരിന്റെ OBC ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ കേന്ദ്ര OBC ലിസ്റ്റിൽ ഇല്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം, EWS സർട്ടിഫിക്കറ്റ് ലഭ്യമാകുമോ. എങ്കിൽ എങ്ങനെ?**

**ഉത്തരം.** അത്തരം വ്യക്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഉദ്യോഗം/വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് 31.01.2019-ലെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടത്തിലെ മറ്റ് നിബന്ധനകൾക്ക് വിധേയമായി EWS സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്

## C. EWS സംവരണത്തിനായി നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ സംബന്ധിച്ച്.

**Q-13 EWS സംവണാർഹരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ പ്രസ്തുത സംവരണത്തിനായി നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ നികത്തുന്നത് എങ്ങനെ?**

**ഉത്തരം.** 31.03.2019-ാം തീയതിയിലെ ഓഫീസ് മെമ്മോറാണ്ടം ഖണ്ഡിക 6.3 പ്രകാരം EWS സംവരാണാർഹരായ ഉദ്യോഗാർഥികളുടെ അഭാവംമൂലം ഒരു പ്രത്യേക റിക്രൂട്ട്മെൻറ് വർഷം EWS സംവരണത്തിനായി നീക്കിവച്ച ഒഴിവുകൾ യാതൊരു കാരണവശാലും അടുത്തവർഷത്തെ EWS സംവരണത്തെ റിക്രൂട്ട്മെന്റിനായി മാറ്റിവയ്ക്കുന്നതല്ല. മറിച്ച് പ്രസ്തുത ഒഴിവുകൾ അതേ വർഷം തന്നെ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് അഭികാമ്യം. തുടർന്നും EWS ക്വാട്ടയിലെ നികത്തപ്പെടാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അതായത് EWS സംവരണത്തിനായി ഉപയോഗിക്കുവാൻ ശ്രമിക്കുകയും ആയത് വിജയകരമാകാത്ത സാഹചര്യത്തിൽ അത്തരം ഒഴിവുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റേണ്ടതാണ് ഇത്തരം ഒഴിവുകൾ ഇങ്ങനെ നീക്കി വയ്ക്കുമ്പോൾ പൊതു വിഭാഗത്തിന് ക്രമാതീതമായ പ്രാതിനിധ്യം ലഭിക്കുവാൻ ഇടയുള്ള പക്ഷം ആയത് പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങൾക്കായി പുനക്രമീകരണം നടത്തേണ്ടതുമാണ്.

**Q-14 EWS സംവരണം കണക്കാക്കുന്നത് ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണോ അതോ കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിലാണോ?**

**ഉത്തരം.** കേന്ദ്രസർക്കാർ നിയമനങ്ങളിലെ EWS സംവരണം നടപ്പാക്കുന്നത് 31.01.2019 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാ റോസ്റ്ററിനെ പ്രമാണമാക്കിയാണ്. ഓരോ വകുപ്പുകളും ഗ്രൂപ്പ്/കാറ്റഗറി തലത്തിൽ നേരിട്ടുള്ള നിയമനങ്ങൾക്കുള്ള റോസ്റ്റർ തയ്യാറാക്കേണ്ടതും ആയതിൻ പ്രകാരം സംവരണം നടപ്പിൽവരുത്തേണ്ടതുമാണ്.

പ്രസ്തുത തസ്തിക അടിസ്ഥാനമാക്കിയുള്ള റോസ്റ്റർ പരിശോധിച്ചാൽ ഒഴിവുകൾ ഏത് വിഭാഗത്തിനാണ് പോകുന്നത് എന്ന് മനസിലാക്കാൻ കഴിയും . പുതുതായി ഉണ്ടാകുന്ന ഒഴിവുകൾ Roster അനുസരിച്ച് അർഹതപ്പെട്ട വീഭാഗത്തിന് നൽകുകയാണ് ചെയ്യുന്നത്.

## D. <u>വരുമാനം സംബന്ധിച്ച്</u>

**Q-15 ഒരു ഉദ്യോഗസ്ഥൻ പെൻഷൻ പറ്റുമ്പോൾ ലഭിക്കുന്ന പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റിവിറ്റി, മറ്റു പെൻഷനറി ആനുകൂല്യങ്ങൾ എന്നിവ പ്രസ്തുത കുടുംബത്തിലെ അംഗങ്ങൾക്ക് അതേവർഷം EWS സർട്ടിഫിക്കറ്റ് ആവശ്യമായി വരുമ്പോൾ കുടുംബ വരുമാനം കണക്കുകൂട്ടുവാനായി പരിഗണിക്കുമോ?**

**ഉത്തരം.** 31.01.2019 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഉയർന്ന വരുമാനപരിധി 8 ലക്ഷം രൂപയാണ്. എല്ലാ വരുമാനങ്ങളും (ശംമ്പളം, കൃഷി, കച്ചവടം, ജോലി ഉൾപ്പടെ) കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ജേലി/വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റിനുള്ള വരുമാനം കണക്കാക്കുവാൻ ഉപയോഗിക്കുന്നു. വരുമാന നികുതി കണക്കാക്കുന്നതിന് വേണ്ടി പരിഗണിക്കുന്ന ആകെ വരുമാനത്തിൽ (Gross Income) ഉൾപ്പെടുത്താവുന്ന എല്ലാ വരുമാനങ്ങളും EWS ആവശ്യത്തിനായി പരിഗണിക്കേണ്ടതാണ്.

**Q-16 പെൻഷൻ കുടുംബ പെൻഷൻ എന്നിവ കുടുംബ വരുമാനം കണക്കാക്കാൻ പരിഗണിക്കുമോ ?**

**ഉത്തരം.** പരിഗണിക്കും.

**Q-17 ഒരു വ്യക്തിയുടെ മൊത്തവരുമാനം 10 ലക്ഷം രൂപയാണ്. എന്നാൽ നികുതി ചുമത്താവുന്ന വരുമാനം 6 ലക്ഷം ആണ്. ഈ സാഹചര്യത്തിൽ കുടുംബാംഗം EWS സർട്ടിഫിക്കറ്റിന് അർഹനാണോ ?**

**ഉത്തരം.** അല്ല. വ്യക്തിയുടെ/കുടുംബത്തിന്റെ മൊത്തവരുമാനമാണ് EWS സർട്ടിഫിക്കറ്റിനായി പരിഗണിക്കുന്നത്.

## E. <u>EWS സർട്ടിഫിക്കറ്റ് നൽകുവാൻ ക്ഷമതയുള്ള അധികാരസ്ഥാനം/ ഉദ്യോഗസ്ഥനെ സംബന്ധിച്ച്</u>

**Q-18 വ്യത്യസ്ത സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ക്ഷമതയുള്ള ഉദ്യോഗസ്ഥർക്ക് വ്യത്യസ്ത മാതൃകയിലുള്ള EWS സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ കഴിയുമോ?**

**ഉത്തരം.** ഇല്ല. 31.01.2019 ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെ അനുബന്ധമായി EWS സർട്ടിഫിക്കറ്റ് മാതൃക ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ/വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് പ്രസ്തുത മാതൃകയിൽ

മാത്രമേ വിവിധ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും EWS സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

**Q-19 അഞ്ചൽ അധികാരി/നായിബ്-തഹസിൽദാർ എന്നിവർക്ക് EWS സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരമുണ്ടോ?**

**ഉത്തരം.** തഹസിൽദാർ റാങ്കിൽ കുറഞ്ഞ റാങ്കുള്ള ഒരു ഉദ്യോഗസ്ഥനും EWS സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാനുള്ള ക്ഷമത ഇല്ലാത്തതാകുന്നു. അഞ്ചൽ അധികാരി, നായിബ്, തഹസീൽദാർ എന്നിവർ തഹസീൽദാർ റാങ്കിലോ അതിനു മുകളിലോ ആണെങ്കിൽ EWS സർട്ടിഫിക്കറ്റ് വിതരണം ചെയ്യാവുന്നതാണ്.

## F. <u>ആസ്തി/വരുമാന സർട്ടിഫിക്കറ്റ്</u>

**Q-20 ആസ്തി-വരുമാനസർട്ടിഫിക്കറ്റ് തെറ്റായ രേഖകളുടെ അടിസ്ഥാനത്തിൽ നേടിയതാണോ/വ്യാജമായി ചമച്ചതാണോ എന്ന് തെളിഞ്ഞാൽ സ്വീകരിക്കപ്പെടുന്ന തുടർനടപടി എന്തെല്ലാം?**

**ഉത്തരം.** EWS സംവരണാടിസ്ഥാനത്തിൽ നൽകപ്പെടുന്ന നിയമനങ്ങൾ തുടക്കത്തിൽ താൽക്കാലികവും (provisional) സോപാധികമാണ്. സർട്ടിഫിക്കറ്റ് വ്യാജമായി നിർമ്മിച്ചതാണെന്ന് തെളിയുന്ന പക്ഷം ഇന്ത്യൻ ശിക്ഷാനിയമം-1860 (IPC 1860)ന്റെ ബാധകമായ വകുപ്പുകൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതും പ്രസ്തുത വ്യക്തിയെ ഉദ്യോഗത്തിൽ നിന്നും പിരിച്ചു വിടുന്നതുമായിരിക്കും.

**Q-21 ആസ്തി-വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ട തീയതി സംബന്ധിച്ച വിശദീകരണം?**

**ഉത്തരം.** 31.01.2019 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ആസ്തി-വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ട അവസാന തീയതി പ്രസ്തുത തസ്തികയിലെ നിയമനത്തിനായി മറ്റൊരു തീയതി നിർദ്ദേശിക്കാത്തപക്ഷം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു തൊഴിൽദാതാവ്/സർക്കാർ വകുപ്പ് ഒഴിവുകൾ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ തന്നെ ആസ്തി-വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അവസാന തീയതി രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷമുള്ള EWS സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിലെ വരുമാനം രേഖപ്പെടുത്താത്ത സർട്ടിഫിക്കറ്റുകളും അപാകതയുള്ള സർട്ടിഫിക്കറ്റുകളായി കണക്കാക്കും. ബഹു. സുപ്രീംകോടതി SLP © 426/2021 നംമ്പർ. വ്യവഹാരത്തിനുമേൽ (UPSC Vs Gourav Sing and

Others) 18.05.2020 ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ വ്യവസ്ഥകൾ എല്ലാം തന്നെ EWS സർട്ടിഫിക്കറ്റിന്റെ കാലാവധി സംബന്ധിച്ചും ബാധകമാണ്.

**Q-22 EWS സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ട ഉദ്യോഗസ്ഥനെ ഒപ്പ്/സീൽ എന്നിവയുടെ ആവശ്യകത?**

**ഉത്തരം.** അതത് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, പൊതുജനങ്ങൾക്ക് EWS സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ടിയാന്റെ ഒപ്പിനൊപ്പം പേര്, ഔദ്യോഗിക പദവി എന്നിവ രേഖപ്പെടുത്തി പേഴ്സണൽ സ്റ്റാമ്പും ഓഫീസ് സ്റ്റാമ്പും പതിച്ചിരിക്കണം.

**Q-23 ആസ്തി-വരുമാനസർട്ടിഫിക്കറ്റിന്റെ നംബറിനും തീയതിയ്ക്കും താഴെയുള്ള കാലാവധി വർഷം ശൂന്യമായി കിടന്നാൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്?**

**ഉത്തരം.** 31.01.2019 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം, അപേക്ഷാതീയതിയുടെ തൊട്ടു മുൻപുള്ള ധനകാര്യ വർഷത്തിൽ ഒരു കുടുംബത്തിൽ ഉണ്ടായിരുന്ന മൊത്തം വരുമാനമാണ് ആസ്തി വരുമാനസർട്ടിഫിക്കറ്റിനായി പരിഗണിക്കേണ്ടത്. അതായത് 2022 ഓഗസ്റ്റ് 1 ന് ആണ് അപേക്ഷാതീയതി എങ്കിൽ 2021-2022 സാമ്പത്തികവർഷത്തെ ആസ്തി-വരുമാനമാണ് കണക്കാക്കേണ്ടത്. അപ്രകാരം ലഭിക്കുന്ന EWS സർട്ടിഫിക്കറ്റിന് 2022-2023 സാമ്പത്തികവർഷം വരെ കാലാവധിയുണ്ടാകും. കാലാവധി വർഷം രേഖപ്പെടുത്താത്തതും എന്നാൽ സർട്ടിഫിക്കറ്റിൽ സാമ്പത്തികവർഷം രേഖപ്പെടുതതുകയും ശരിയായ സാമ്പത്തിക വർഷത്തെ വരുമാനം കണക്കാക്കുകയും ചെയ്തുങ്കിൽ അത്തരം സർട്ടിഫിക്കറ്റ് കാലാവധി വർഷം രേഖപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് തിരിച്ച് നൽകാവുന്നതാണ്. നമ്പറോ സാമ്പത്തിക വർഷമോ കാലാവധി വർഷമോ രേഖപ്പെടുത്താത്ത EWS സർട്ടിഫിക്കറ്റുകൾ നിരസിക്കപ്പെടാവുന്നതാണ്.

## G. <u>വിവിധ വിഷയങ്ങൾ</u>

**Q-24 നോട്ടിഫൈഡ് മുനിസിപ്പാലിറ്റി (വിജ്ഞാപനം ചെയ്ത മുൻസിപ്പാലിറ്റി) എന്നാലെന്ത്?**

**ഉത്തരം.** സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങൾ സർക്കാരുകൾ വിജഞാപനം ചെയ്ത മുൻസിപ്പാലിറ്റികളുടെ കീഴിലുള്ള പ്രദേശങ്ങളെയാണ് വിജ്ഞാപനം ചെയ്ത മുൻസിപ്പാലിറ്റികൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

**Q-25 അപേക്ഷകർ മാതാപിതാക്കളോടൊപ്പം താമസിക്കാതിരിക്കുകയോ മാതാപിതാക്കൾ വേർപിരിഞ്ഞവരോ ആയപക്ഷം ആസ്തി-വരുമാന സർട്ടിഫിക്കറ്റ് എങ്ങനെ തയ്യാറാക്കപ്പെട്ടും?**

**ഉത്തരം.** 31.01.2019 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം, കുടുംബം എന്നത് അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസിന് താഴെ പ്രായമുള്ള സഹോദരങ്ങൾ, ജീവിതപങ്കാളി, 18 വയസ്സിൽ താഴെയുള്ളകുട്ടികൾ എന്നതാകയാൽ മാതാപിതാക്കളിൽ നിന്ന് അകന്നു താമസിച്ചാലോ, രക്ഷിതാക്കൾ വേർപിരിഞ്ഞ് താമസിക്കുന്ന സാഹചര്യത്തിലോ ആസ്തി-വരുമാനം കണക്കാക്കുമ്പോൾ മാതാപിതാക്കളുടെ രണ്ടുപേരുടെയും വരുമാനം പരിഗണിക്കേണ്ടതാണ്.

**Q-26 അപേക്ഷ സമർപ്പണത്തനുശേഷം EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പരമാവധി കാലയളവ് എത്ര?**

**ഉത്തരം.** ഇതിനായി ഒരു നിശ്ചിതകാലപരിധി കേന്ദ്രസർക്കാർ രേഖപ്പെടുത്തിയിട്ടില്ല. ഉദ്യോഗാർഥിയുടെ താൽപര്യങ്ങൾ ഹനിക്കാത്ത രീതിയിൽ അടിയന്തരമായി ആയത് ലഭ്യമാക്കണമെന്ന പൊതുതത്വം അനുസരിച്ച് സംസ്ഥാന സർക്കാരുകൾക്ക് സമയപരിധി നിശ്ചയിക്കാവുന്നതാണ്.

14.03.2019 ലെ സ.ഉ.(കൈ) 52/2019/പൊ.ഭ.വ. നമ്പർ ഉത്തരവ് ഖണ്ഡിക 7, പ്രകാരം അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം അപേക്ഷ തീർപ്പുകൽപ്പിച്ചിരിക്കണം എന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

**Q-27 പൊതു മത്സര പരീക്ഷ എഴുതുമ്പോൾ പ്രായപരിധിയിലുള്ള ഇളവ്, നിശ്ചയിക്കപ്പെട്ട തവണകളിൽ ഉള്ള ഇളവ്, എന്നിവ EWS സംവരണം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ബാധകമാണോ?**

**ഉത്തരം.** അല്ല. പ്രായത്തിലും തവണകളിലും പൊതുമണ്ഡലത്തിലെ (സംവരണേതര വിഭാഗങ്ങളിലെ) ഉദ്യോഗാർത്ഥികൾക്കുള്ള നിബന്ധനകൾ EWS സംവരണാർഹർക്കും ബാധകമാക്കിയിരിക്കുന്നു.

**NB:-** EWS സംവരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ക്രോഡീകരണവും ഇംഗ്ലീഷ് ഭാഷയിലുള്ള വിശദാംശങ്ങൾ മലയാളീകരിക്കുകയുമാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. ഇത് EWS അപേക്ഷകരുടെയും EWS സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്ന അധികാരികളുടെയും അറിവിലേക്കായി പ്രസിദ്ധീകരിക്കുന്ന രേഖ മാത്രമാണ്.

കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾക്കായുള്ള EWS മാനദണ്ഡങ്ങൾ സംബന്ധിയായുള്ള സ്പഷ്ടീകരണങ്ങൾക്കോ വിശദാംശങ്ങൾക്കോ വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾക്കോ കേന്ദ്ര സർക്കാരിന്റെ Personal & Training വകുപ്പിനെയാണ് സമീപിക്കേണ്ടത്.

(ഒപ്പ്)

**ചെയർമാൻ**